LIBRARY ARCHIVES Kerala Legislative Assembly

ടെണ്ടറിന്റെ പേരിൽ നടത്തുന്ന ഒത്തുകളി

216 (813) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടെണ്ടറിന്റെ പേരിൽ പൊതുമരാമത്ത് വകുപ്പിൽ നടക്കുന്നത് ഒത്തുകളിയാണെന്ന അഭിപ്രായത്തിന് ആധാരമായ വസ്തുതകൾ വിശദീകരിക്കാമോ ;

(ബി) ഈ ഒത്തുകളിമൂലം സർക്കാരിനുണ്ടാകുന്ന നഷ്ടത്തിന്റെ തോത് കണക്കാക്കിയിട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) ഈ ഒത്തുകളി ആരംഭിച്ചിട്ട് എത്രകാലമായി എന്നും ഇതുമൂഖേന എത്ര നഷ്ടം സർക്കാർ ഖജനാവിനുണ്ടായിട്ടുണ്ടെന്നും കണക്കാക്കിയിട്ടുണ്ടോ ;

(ഡി) ഈ ന്യൂനത പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ?

ഉത്തരം

(എ-ഡി) ടെണ്ടറിന്റെ പേരിൽ ഒത്തുകളി നടക്കുന്നുണ്ടെന്ന ചില പരാതികൾ ലഭിച്ച സാഹചര്യത്തിലാണ് ഇ-ടെണ്ടർ സമ്പ്രദായം നടപ്പിലാക്കുന്നതിന് തീരുമാനമെടുത്തത്. ടെണ്ടർ സംവിധാനത്തിൽ നിലവിലുള്ള ന്യൂനതകൾ പരിഹരിക്കുന്നതിനും കൂടുതൽ മത്സരാധിഷ്ഠിതമാക്കുന്നതിനും വേണ്ടി ഇ-ടെണ്ടർ സമ്പ്രദായം നടപ്പിലാക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരികയാണ്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ ടെണ്ടർ ഫോറവും ഷെഡ്യൂളും പൊതുമരാമത്ത് വകുപ്പിന്റെ ഓഫീസിൽ നിന്നും വാങ്ങുന്നതിന് പകരം വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് എടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു.

കെ.എസ്.ടി.പി.യുടെ രണ്ടാം ഘട്ട പാക്കേജ്

217 (814) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ടി. പി. യുടെ രണ്ടാംഘട്ട പാക്കേജിൽ സംസ്ഥാനത്തെ ഏതൊക്കെ റോഡുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) കാസർഡോഡ് ജില്ലയിലെ കാഞ്ഞങ്ങാട്-കാസർഗോഡ് സ്റ്റേറ്റ് ഹൈവേ കെ. എസ്. ടി. പി ഏറ്റെടുത്തിട്ട് എത്ര വർഷമായി ;